10717
16/10/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വകുപ്പിനു കീഴിൽ പൂജപ്പുരയിൽ ട്രെയിനിംഗ് സെന്റർ പണിയുന്നതിന് നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.562/2014/സാനീവ തിരുവനന്തപുരം, തീയതി 03.09.2014.

=====================================================================

പരാമർശം : 1. 09.07.2013 ലെ സ.ഉ.(സാധാ) 388/13/സാനീവ നമ്പർ ഉത്തരവ്.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29.04.2014 ലെ എഫ്5- 21107/12 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള പൂജപ്പുരയിലെ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിൽ വകുപ്പിനു സ്വന്തമായി ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് പരാമർശത്തിലെ ഉത്തരവനുസരിച്ച് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തെ കെട്ടിടങ്ങളെല്ലാം വനിതകൾക്കുള്ളതായതിനാൽ ടി സ്ഥലത്ത് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നത് അന്തേവാസികൾക്ക് ബുദ്ധിമുട്ടാവുമെന്നതിനാൽ തിരുവനന്തപുരം ജില്ലാ ഓഫീസിനു പുറകിലായും ചിൽഡ്രൻസ് ഹോമിനു മുന്നിലായുമുള്ള 50 സെന്റ് സ്ഥലത്ത് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സാമൂഹ്യനീതി വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിനു പിറകിലായും ചിൽഡ്രൻസ് ഹോമിനു മുന്നിലായും ഒഴിഞ്ഞു കിടക്കുന്ന 50 സെന്റ് സ്ഥലത്ത് സാമൂഹ്യ നീതി വകുപ്പിനായി ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് പുതുക്കിയ അനുമതി നൽകിക്കൊണ്ട് സൂചന ഒന്നിലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. കെ.എം. എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പ്ലാനിംഗ് ( ഇഎ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )

സാമൂഹ്യനീതി (എ) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ